# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

ജി.വി.എച്ച്.എസ്.എസ്,
കീഴ്പായിക്കര.

# ആമുഖം

മണിമലയാറിന്റെ തീരത്ത് കീഴ്വായ്പൂര് ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് പ്രകൃതി രമണീയമായ കുളിർമണ്ണിൽ കുന്നിൽ ഈ സരസ്വതിക്ഷേത്രം നില കൊള്ളുന്നു. മല്ലപ്പള്ളി താലൂക്ക് ഹെഡ്ക്വാർ-ട്ടേഴ്സിൽ നിന്നും ഏകദേശം 3 കി.മീ അകലെ-യായി ക്ഷേത്രങ്ങൾ, ആശുപത്രികൾ, ബാങ്കുകൾ തുടങ്ങി മിക്ക പ്രധാന സ്ഥാപനങ്ങളുമുള്ളതും, പട്ടണത്തിന്റെ തിരക്കുകളിൽ നിന്നകന്ന് ഏറെയും സാധാരണക്കാർ അധിവസിക്കുന്നതുമായ ശാന്തസു-ന്ദരമായ ഗ്രാമപ്രദേശമാണിത്.

നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നസാക്ഷാത്കാര-ത്തിനായി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഒരു കണ്ണിയായി നില കൊള്ളുന്ന സ്ഥാപനമാണ് പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി ഉപജില്ലയിലെ ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, കീഴ്വായ്പൂര്

വിദ്യാഭ്യാസ രംഗത്ത് തനതായ കർമ്മപഥം തെളിയിച്ച ഒരു സ്ഥാപനമാണീ സ്കൂൾ. ഈ പ്രദേശത്ത് സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത സ്കൂളിന് സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. സമുന്നതരായ വിശിഷ്ട പൗരൻമാരെ വാർത്തെടുക്കാൻ സ്കൂളിന

കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യത്തോടെ സ്മരിക്കുന്നു. പ്രീപ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെയുള്ള ക്ലാസുകളിൽ പ്രസ്തുത പ്രദേശത്തു നിന്ന മാത്രമല്ല പത്തനംതിട്ട, കോട്ടയം, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ വിദ്യാർത്ഥികൾ വരെ ഇവിടെ വിദ്യ അഭ്യസിക്കുന്നുണ്ട്. വൊക്കേഷണൽ ഹയർസെക്കണ്ടറി പ്രസ്തുത സ്കൂൾ പരിസരത്തിന്റെ വലതുഭാഗത്തായി പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ നിലവിലുള്ള രണ്ട് കോഴ്സുകൾ കൊമേഴ്സ് വിഷയത്തെ ആസ്പദമാക്കിയുള്ളതാണ്.

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ ഭൗതികസാഹചര്യങ്ങൾ, മാനുഷികവിഭവശേഷി സമ്പത്ത്, വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും, സുരക്ഷിതവും, സ്വതന്ത്രവും, ശിശുസൗഹൃദപരവുമായ അന്തരീക്ഷമൊരുക്കണം. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ ശുചിത്വ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പു വരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു. അതിന്റെ ഉണർവ്വാകട്ടെ ഈ സമഗ്ര വിദ്യാലയ വികസനരേഖ.

# സ്കൂളിന്റെ ചരിത്രം

നൂറ്റാണ്ടിനും ഒരു പതിറ്റാണ്ടു മുമ്പ് കോട്ടയത്തുനിന്നും പാലൂർ മുൻഷിയും സംഘവും കിഴ്‌വായ്പ്പൂരെത്തി. കോട്ടയത്ത് സെമിനാരിക്കുന്നിൽ നിർമ്മിക്കുന്ന വിദ്യാലയത്തിന് തടി ശേഖരിക്കുകയായിരുന്നു സംഘത്തിന്റെ ലക്ഷ്യം. പഴയ തിരുവല്ല താലൂക്കിലെ 1-70 നമ്പർ തണ്ടപേരുകാരനും 100 പറ നിലത്തിന്റെയും 100 ഏക്കർ ഭൂമിയുടെയും ഉടമയായിരുന്ന മുള്ളമ്പ്ര വലിയച്ചൻ എന്നു പറഞ്ഞ അറിയപ്പെടുന്ന ശ്രീ. ശങ്കരനാരായണനെക്കണ്ട് അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള ചേന്നമലച്ചേരിയിലെ വൻ ആഞ്ഞിലിമരങ്ങൾ ആവശ്യപ്പെട്ടു. അദ്ദേഹം ആ സംഘത്തിന് തടി സൗജന്യമായി നൽകി. വിദ്യാലയ നിർമ്മാണം എന്ന ആശയമായിരുന്നു അതിന്റെ പ്രതിഫലമായി കിട്ടിയത്.

ഈ ആശയം നാട്ടുകാരായ പ്രമാണിമാരുമായി പങ്കു വച്ചു. സമീപത്തുള്ള വിദ്യാലയങ്ങളുടെ കെട്ടിടത്തെക്കാൾ വലിയ കെട്ടിടമായിരുന്നു സ്ഥാപകരുടെ ലക്ഷ്യം. വിദ്യാലയത്തിന് ഏറ്റവും അനുയോജ്യമായ സ്ഥലം കിഴ്‌വായ്പ്പൂരിന്റെ ഹൃദയഭാഗത്തുള്ള കുർമണ്ണിൽ കുന്നിൽ കണ്ടെത്താൻ പൂർവ്വസൂരികൾക്കായി. ഈ ആശയം 1911ൽ പൂവണിഞ്ഞു.

സാങ്കേതിക കാരണങ്ങളാൽ വെണ്ണിക്കുളത്തു നിർത്തലാക്കിയ വിദ്യാലയമാണ് കീഴ്വായ്പ്പൂരിൽ അനുവദിച്ചത്. കെട്ടിടനിർമ്മാണത്തിന്റെ ചുമതല നാട്ടുകാരുടെ പൂർണ്ണ സഹകരണത്തോടെ മുളമൂട്ടു വലിയച്ചൻ തന്നെയാണ് ഏറ്റെടുത്തത്. വലിപ്പം കൊണ്ടുതന്നെ കാലമേറെ ഇത് വലിയ പള്ളിക്കൂടം എന്നറിയപ്പെട്ടു. വിദ്യാലയപുരോഗതിക്കായി മഠത്തിൽ മാധവൻപിള്ള, ബാരിസ്റ്റർ വി.ടി. തോമസ് തുടങ്ങിയവർ നേതൃത്വപരമായ പങ്കുവഹിച്ചു.

1920 ൽ അപ്പർ പ്രൈമറി വിഭാഗവും, 1969 ൽ ഹൈസ്കൂൾ വിഭാഗവും 1992 ൽ ഹയർസെക്കണ്ടറി വിഭാഗവും അനുവദിച്ചതോടെ ഇത് ഒരു സമ്പൂർണ്ണ ഹയർസെക്കണ്ടറി സ്കൂളായി. 1929 ൽ സ്കൂളിന്റെ സുവർണ്ണകാലമായിരുന്നു നാട്ടുകാർ തന്നെയായ സമർപ്പിത ചേതസ്സുകളായ അധ്യാപകരും രക്ഷിതാക്കളും പ്രയത്നിച്ച് സ്കൂളിന്റെ യശസ്സ് വർധിക്കുകയും മികച്ച സമ്പ്രദായം അനുവർത്തിക്കുകയും ചെയ്തു. ഈ കാലയളവിൽ തന്നെ സ്കൂളിനുള്ള കളിസ്ഥലവും നാട്ടുകാർ സൗജന്യമായി കണ്ടെത്തി.

ഹൈസ്കൂൾ ബ്ലോക്കിനുള്ള കെട്ടിടനിർമ്മാണത്തിന് കല്ലൂപ്പാറ എം.എൽ.എ. ആയിരുന്ന ശ്രീ. ടി.എസ്. ജോണിന്റെ സഹായവും ലഭിച്ചിരുന്നു. 1972 ൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന അവുക്കാദർ കുട്ടിനഹയാണ് സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്തത്.

തുടർന്ന് ലബോറട്ടറി മന്ദിരം, ലൈബ്രറി മന്ദിരം, പ്രീമെട്രിക് ഹോസ്റ്റൽ, സർവശിക്ഷാ അഭിയാന്റെ ബ്ലോക്ക് റിസോഴ്സ് സെന്റർ തുടങ്ങിയ മന്ദിരങ്ങളും ഇവിടെ ഉയർന്നു. 1978 ൽ എസ്. എസ്. എൽ. സിക്ക് സെന്റർ അനുവദിച്ചു. അധ്യാപകർ, ഡോക്ടർ, എഞ്ചിനീയർമാർ, ബാങ്ക് മാനേജർ, സാമൂഹ്യപ്രവർത്തകർ തുടങ്ങി സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഉന്നതസ്ഥാനത്തെത്തിയ ധാരാളം വ്യക്തികൾ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായിരുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് : ഒന്ന്

### ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂട്ടാൻ ലക്ഷ്യമിടുന്ന സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിലെത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠന പ്രവർത്തനങ്ങൾ ശിശുസൗഹൃദപരവും ആസ്വാദ്യകരവും ആക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.
- പല തരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.
- പത്രം തയ്യാറാക്കുന്നു.

| | | |
|---|---|---|
| വായന | ചിത്രവായന<br>വിവിധയിനം ചിത്രങ്ങൾ കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>വായനാമൂല ഒരുക്കൽ.<br>പത്രവായന<br>വായന കാർഡ് തയ്യാറാക്കൽ | ക്ലാസ് ടീച്ചർ<br>PTA<br>SRG. |
| ലേഖനം | ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>- സചിത്ര ബുക്ക്<br>- സംഖ്യകൾ വാക്കിൽ എഴുതൽ<br>- ആവർത്തിച്ചുണ്ടാകുന്ന അക്ഷരങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു.<br>- ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു.<br>- വരികൾ കൂട്ടിച്ചേർക്കുന്നു.<br>- ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു.<br>- [illegible] പതിപ്പുണ്ടാക്കുന്നു. | |

Subject : English.

Aim : To speak, read and write simple English.

| AIM | ACTIVITIES | SUPPORT | MONTH | FINANCIAL RESOURCES. |
|---|---|---|---|---|
| skills | To develop listening and reading skills.<br>Description, growing sentences picture reading, riddles, quiz. | Teachers<br>Parents. | June | PTA |
| Reading skills | -Reading simple sentences<br>- Find words from reading materials.<br>- Rhyming words.<br>-Read words from textbooks. | | July<br>August<br>September | SRG.<br>PTA |
| Writing skills | - Make word web<br>-Picture description<br>- word chart<br>- Make word web<br>- Story telling, riddles.<br>- conversation | Teachers<br>Parents. | October<br>November<br>December<br>January<br>February | SRG. |

## ഗണിതം

### ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകളെ പകുതി, ഇരട്ടി, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ | കാലം | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|
| സംഖ്യാബോധം | - സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം.<br>- സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>- സംഖ്യാകാർഡ് നിർമ്മിക്കൽ | അധ്യാപകർ രക്ഷിതാക്കൾ | ജൂൺ | PTA |
| ഗണിതകിറ്റ് | - ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു. | അധ്യാപകർ രക്ഷിതാക്കൾ | ജൂലൈ | |
| വലിയ സംഖ്യ | 1 മുതൽ 20 വരെയുള്ള സംഖ്യകൾ | | ആഗസ്റ്റ് | SRG. |

| | | | | |
|---|---|---|---|---|
| ചെറിയ സംഖ്യ | വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | | ആഗസ്റ്റ് | |
| സങ്കലന ക്രിയകൾ | - സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>- രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ<br>- ഒന്നിനോടൊന്നു കൂട്ടിയാൽ വരുന്ന സംഖ്യ കിട്ടും. | അധ്യാപകർ രക്ഷിതാക്കൾ | സെപ്റ്റംബർ | SRG. |
| ഒറ്റസംഖ്യകൾ ഇരട്ടസംഖ്യകൾ | ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയൽ | | ഒക്ടോബർ | |
| സംഖ്യാഗാനങ്ങൾ | - സംഖ്യാഗാനങ്ങൾ പാടുന്നു.<br>- ശേഖരിക്കുന്നു. | | നവംബർ | |
| വർക്ക്ഷീറ്റ് | ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു. | | ഡിസംബർ | |
| വ്യവകലന പ്രവർത്തനങ്ങൾ | ഒരക്കസംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ | | ജനുവരി | |

## ഫലങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
- വിവിധതരം സസ്യങ്ങൾ, വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ പൂക്കാത്തവ പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു.
- പൂക്കളുടെ സാദൃശ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, ഉപയോഗം, ചെറുത്, വലുത് പട്ടികപ്പെടുത്തുന്നു.)
- നിറം, രുചി, ആകൃതി, വണ്ണം, വലിപ്പം. എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസിലാക്കുന്നു

| | | | | |
|---|---|---|---|---|
| ചിഹ്നങ്ങളെ തിരിച്ചറിയൽ | സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു. | അധ്യാപകർ രക്ഷിതാക്കൾ | ഫെബ്രുവരി | PTA |
| ഗണിതകിറ്റ് | ഗണിതകിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു. സംഖ്യകളുടെ പകുതി, മൂല്യം തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ. | | മാർച്ച് | SRS. |

# Acadamic Master Plan

std : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ഉള്ള ലേഖന വികാസ് | എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ. ലഘു പതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ നവംബർ ഡിസംബർ ഡിസംബർ | SRG SMC ക്ലബ്ബുകൾ മദർ PTA സ്റ്റാഫ് | |
| സർഗ്ഗാത്മകതയെ തട്ടിയുണർത്താം. | രചനാ ശില്പശാല കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ. | ജനുവരി | SMC അധ്യാപകർ ക്ലബ്ബുകൾ പ്രമുഖ വ്യക്തികൾ. | SRG SMC |

| | | | | |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്: | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചന,<br>മത്സരം<br>അവതരണങ്ങൾ | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിവാൻ | പ്രകൃതി നടത്തം<br>കാര്യവംശ്ശാവിലേക്ക്. | സെപ്റ്റംബർ<br>ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>SMC | SMC |
| നാടറിയുവാൻ - നാട്ടറിവുകൾ. | കാണാക്കാഴ്ചകൾ<br>കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക്<br>നമുക്കും കർഷകരാകാം. | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കാൻ. | Let's talk... ചോദ്യോത്തരവുമായി സംവദിക്കാൻ. English വാലന്റ ഇംഗ്ലീഷ് അസംബ്ലി. One day English | മൂന്ന് മാസ ത്തിൽ ഒന്ന് മാസത്തിൽ ഒന്ന് ആഴ്ചയിൽ ഒന്ന്. | SRG class teacher SMC | SSA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ. | ഒരു ദിനം ഒരു ചോദ്യം. (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG | SSA |
| | ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം. | ക്ലാസ് ടീച്ചർ | |

അക്കാദമിക മാസ്റ്റർ പ്ലാൻ – ക്ലാസ് 3 2025-2026

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | പി.ടി.എ |
| | ക്ലാസ് ലൈബ്രറി വികസനം. | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | സി.പി.ടി.എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകർ | അധ്യാപകർ |
| | . അമ്മ വായന<br>. അമ്മമാരുടെ വായനാക്കുറിപ്പുകൾ സി.പി.ടി.എ കളിൽ അവതരിപ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ – ജൂലൈ | അധ്യാപകർ | സി.പി.ടി.എ |

| | | | | |
|---|---|---|---|---|
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക.<br>- അക്ഷരതെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | • ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>• ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ | ജൂൺ | അധ്യാപകർ | സി.പി.ടി.എ |
| | • ജൂൺ 19 വായനദിനം വായനവാരം | ജൂൺ | " | " |
| | • ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ | ആഗസ്റ്റ് | " | " |
| | • ആഗസ്റ്റ് 9 നാഗസാക്കി ദിനം പോസ്റ്റർ | ആഗസ്റ്റ് | " | " |
| | • ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | " | " | " |
| | • സെപ്റ്റംബർ 5 അധ്യാപക ദിനം | സെപ്റ്റംബർ | " | " |

| | | | | |
|---|---|---|---|---|
| | പഴയകാല അധ്യാപക-രുമായി അഭിമുഖം. | | അധ്യാപകർ | സി.പി.ടി.എ |
| | • ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ | ,, | |
| | • ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത് | ,, | ,, | |
| | • നവംബർ 1 കേരള-പ്പിറവി പ്രസംഗം | നവംബർ | ,, | |
| | • നവംബർ 14 ശിശുദിനം. | ,, | ,, | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപ-ങ്ങൾ അവതരിപ്പിക്കൽ വേദി - സി.പി.ടി.എ | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | ഇല്ല. |

# English

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June<br>July | Teacher<br>Students | PTA |
| To study, write and read simple words. | circle the word from TB and read | August<br>September | Teacher<br>Students | Nil |
| Create more opportunities for English speaking in the classroom | classroom communication should be in English, like May I drinks some water? May I go to bathroom? | Academic year | Teacher<br>Students<br>Parents | Nil |

| | | | | |
|---|---|---|---|---|
| | • Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone<br>• Good morning class.<br>• Good afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?.<br>• let me take attendance etc | | | |
| | | | | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ പ്രദേശത്തിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. മണ്ണ് വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം (പാടം, വിദ്യാലയത്തിലെ മണ്ണ് വൈവിധ്യ ഉദ്യാനം) | ജൂൺ ജൂലൈ | അധ്യാപകർ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കേണ്ടതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് | ആഗസ്റ്റ് സെപ്റ്റംബർ | .അധ്യാപകർ<br>.പി.ടി.എ<br>.ഹരിതകർമ്മ സേന<br>.പി.ടി.എ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | കൈമാറൽ | | | |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ – പരിശീലനം.<br>• പോസ്റ്റർ നിർമ്മാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ. | സെപ്റ്റംബർ<br>ഒക്ടോബർ | ജെ. ആർ. സി യൂണിറ്റ്<br>അധ്യാപകർ<br>കുട്ടികൾ | പി.ടി.എ<br>ഇല്ല |
| | | | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, ത്രികോണം, വൃത്തം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | പി.ടി.എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ ജൂലൈ | അധ്യാപകർ സി.പി.ടി.എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകർ | ഇല്ല. |
| | - നാണയങ്ങൾ, കള്ളിനോട്ടുകൾ<br>- പാറ്റേണുകൾ<br>(ഗണിത ക്ലബ്ബ്) | " | അധ്യാപകർ കുട്ടികൾ | സി.പി.ടി.എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ മാപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകർ കുട്ടികൾ | ഇല്ല. |
| സങ്കലന-വ്യവകലന ക്രിയകൾക്ക് | - മന:കണക്കുകൾ<br>- നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ നവംബർ | "<br>" | " |

| | | | | |
|---|---|---|---|---|
| കുട്ടികളെ പ്രാപ്തരാക്കുക | പ്രവർത്തനങ്ങൾ | | | |
| ഗുണന വസ്തുതകൾ നേടൽ | - വന : കണക്കുകൾ<br>- മഞ്ചാടിക്കളി | ഡിസംബർ ജനുവരി | അധ്യാപകർ കുട്ടികൾ സി.പി.ടി.എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | - നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>- ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി മാർച്ച് | അധ്യാപകർ കുട്ടികൾ | ഇല്ല . |

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 26

## ക്ലാസ് - 4

ജി.വി.എച്ച്.എസ്.എസ്
കീഴ്പയ്യൂർ

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

## മികവാർന്ന ലക്ഷ്യം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പഠനമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പഠനമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി പഠിക്കൽ, ശ്രാവ്യമായ ആശയങ്ങൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം**<br>വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാമൂല, ക്ലാസ് ലൈബ്രറികൾ, പുസ്തക പരിചയം, വായനയെക്കുറിച്ച് ആശയങ്ങളെക്കുറിച്ച് പുസ്തകസംവാദം, അനുഭവക്കുറിപ്പ് വായന | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | TEACHERS |

| | | | | |
|---|---|---|---|---|
| ...ളുടെ പരിപോ-ഷിപ്പിക്കൽ | ...നിന്നും, ...ന്റെ പ്രോഗ്രാമുകളിൽ നിന്നും നേടിയ ശേഷികൾ | ...മുഴുവൻ | ക്ലാസ് ടീച്ചർ | |
| കണ്ടറിയാം... കേട്ടറിയാം | | | | |
| അറിവ് ലോകത്തെ ന്റിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| രുചിച്ചറിയൽ<br>നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള — പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസ് ലൈബ്രറി [illegible] | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ PTA | |

| | | | | |
|---|---|---|---|---|
| സാഹിത്യകാരൻമാരുടെ ജന്മ — ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ എഴുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ — ഡോക്യുമെന്ററി പ്രദർശനം — ക്വിസ്, ചിത്ര പ്രഭാഷണം, ജീവിതരേഖ തയാറാക്കൽ പതിപ്പ് നിർമ്മാണം. പ്രദർശനം. | ആവശ്യാനുസരണം | SRG<br>CLASS TEACHER<br>CPTA | PTA |
| സർഗ്ഗോത്സവം<br>ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഭാവിത്വം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി**<br>ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും, എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്താൻ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം - മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി**<br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും, വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക. | ആഴ്ചയിൽ മൂന്ന് ദിവസം. (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ...ഭാഷണം | ...രൂപങ്ങളിലവതരിപ്പിക്കൽ (Skit, Drama, Conversation, Story telling) | മാസത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ<br>സർഗാത്മക രചനാ ശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസികകൾ തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>ക്ലാസ്സ് ടീച്ചർ<br>SMC. | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത്<br>ഇംഗ്ലീഷ് ഭാഷയിലുള്ള രചനമികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ കൊണ്ടും [illegible] മായി കോർത്തിണക്കിച്ച് | മാസത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| വായനാപരിപോഷണം | ...ത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾപ്പെടുത്തി വായനമൂല ഒരുക്കൽ വായനയെക്കുറിച്ച് പുസ്തക പരിചയം. | ആഴ്ചയിൽ ഒന്ന് | ക്ലാസ് - ടീച്ചർ | ക്ലാസ് - ടീച്ചർ |
| ഇംഗ്ലീഷ് ഫെസ്റ്റ് ഇംഗ്ലീഷ് നന്നായി പറയുവാനും, എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനമത്സരം, രചനമത്സരം, മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷത്തിലൊന്ന് | SMC PTA ക്ലാസ്ടീച്ചർ | SMC |

പ്രവൃത്തിനടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം — അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM, CPTA | PTA |
| ശാസ്ത്രമേള<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM, SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| ശാസ്ത്രയാത്ര<br>ശാസ്ത്രപഠനത്തിൽ താത്പര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രമേളകൾ - പ്രദർശനങ്ങൾ | ആവശ്യാനുസരണം | HM, SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ഉപവായന – സൂചിക പരിചയപ്പെടൽ | | | | |
| **ശാസ്ത്രവിസ്മയ ചുമർ**<br>ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം**<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണം, പരീക്ഷണം എന്നിവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM, SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക**<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | HM, SRG ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളിക്കാം.. ഗണിക്കാം<br>ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ — നടപ്പാക്കൽ — ഏതുല്യനിന്നായം. (ഉണ്ണിയുംചിന്നും വലിഞ്ഞാക്കി)<br>സങ്കലനം — വ്യവകലനം (കാച്ചുവടകളാക്കി) | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം<br>ഗണിതശാസ്ത്രപഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ്<br>ഗണിതപഠനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിനുപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| [illegible] പ്രായോഗിക മൂല്യം തിരിച്ചറിയൽ | [illegible] ഉപയോഗപ്പെടുത്താൻ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണ ശില്പശാല**<br>പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള**<br>ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പതിപ്പ് പാറ്റേൺ, പഠന- ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | BRG<br>ക്ലാസ് ടീച്ചർ | PTA |

[illegible] ഭാഷ : മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| (1) ഭാഷയുടെ അഭിധാനശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാവിവരണം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക. | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു | പ്രതിമാസം | മലയാളം അധ്യാപകർ | |
| | അതാത് മാസത്തെ പ്രധാനസംഭവങ്ങൾ, ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരങ്ങൾ നടത്തുന്നു | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ് | മലയാളം ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
| --- | --- | --- | --- | --- |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | **സംവാദം / മുഖാമുഖം**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | പ്രധാനാധ്യാപകൻ / മലയാളം അധ്യാപകർ | പി.ടി.എ. |
| 4. മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മക ശേഷി വളർത്തലും | **ഇ- കമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാസിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐടി അധ്യാപകർ | മലയാളം ക്ലബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാസിക തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കാൻ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടകകലാകാരൻമാരെയും മറ്റ് കലാകാരൻമാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | പി.ടി.എ. |
| 6. കുട്ടികളുടെ ആകാശവാണി എഫ്. എം അവതരണമികവ് | എഫ്. എം<br>വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയാറാക്കി അവതരിപ്പിക്കുന്നു. ഒരു ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം. സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന് / എല്ലാ ദിവസവും | ക്ലാസ്‌ലീഡർമാർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | വിവിധ ക്ലബുകൾ പി.ടി.എ. |

മേഖല - യു. പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear : ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | Missing Man - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt: വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകൾ ഒരുക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner: തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show: ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2. ഭാഷാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (Simple to Complex)<br><br>Learning Ladder: പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്യവും ശരിയായി തെരഞ്ഞെടുക്കുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | FM Corner: വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഷോ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month: ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷനറി എന്നിവ തയാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | Run Baby Run- ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു. ഏറ്റവും അധികം വാക്കുകൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | ഫെബ്രുവരി | ഇംഗ്ലീഷ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| | Funtime Funda:: കടംകഥകൾ, ക്വിസ് ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ [illegible] ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | ഇംഗ്ലീഷ് പീരിയഡ് | ഇംഗ്ലീഷ് അധ്യാപകർ | |
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | The Grand lamp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്ലബ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. അഞ്ചാം ക്ലാസിനായി കഥ പറയൽ, കഥയെഴുത്ത്, ആറിന് Role play, നാടകം എന്നിവ (പ്രച്ഛന്നവേഷം), ഏഴാം ക്ലാസിന് കവിതയുടെ പാരായണം തുടങ്ങിയവ. ക്ലബിന് ഒടുവിൽ documentary / filmshow. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ PTA രക്ഷിതാക്കൾ | ഇംഗ്ലീഷ് ക്ലബ് PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |
| • രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷിയുടെ വികാസവും | ഒറിഗാമി - വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ കണ്ടെത്തുന്നു | വാർഷികം | ഗണിത അധ്യാപകർ. | |
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത ചാർട്ട് നിർമ്മാണം | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | ഗണിതാധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ പല തവണ | ഗണിത ക്ലബ്ബ്, ഗണിത അധ്യാപകർ | പിടിഎ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി ഉപയോഗപ്പെടുത്തുന്നു | ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ. | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചതോറും | ഗണിത അധ്യാപകർ | |
| • വിവിധ ശേഷികളുടെ വികസനം | വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ, നേടിയെടുക്കാൻ | ആഴ്ചതോറും - സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രശ്നോത്തരികൾ ഓരോ പഠിതാവിനും നൽകുന്നു. | ആഴ്ചതോറും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ആവശ്യാനുസരണം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷത്തിനിടക്ക് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സഹഭാവന | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ സന്ദർശിച്ച് | | | |

| | | | | |
|---|---|---|---|---|
| [illegible] ഭാഷ ... പ്രോത്സാഹിപ്പിക്കുന്നു | അവരവർ കണ്ടെത്തുന്ന ലേഖനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | അധ്യാപകർ | പിടിഎ |
| • വിവര സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവന്മാരാക്കുന്നു. | കുട്ടികൾക്ക് റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ | |
| • സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുന്നു. | കാവുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് പഠനം നടത്തുന്നു | | അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| • പൊതുവിജ്ഞാനം വളർത്തൽ | ചോദ്യോത്തര പയറ്റ് നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1.) ജീവിതസാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ക്ലബ്ബ് പ്രവർത്തകർ | PTA |
| | **ഫീൽഡ് ട്രിപ്പ്**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തി പരിപാലിക്കൽ, കാവുകൾ കുളങ്ങൾ ഉറവിട നിർമ്മാണം. | ജൂലൈ | വിവിധ ക്ലബ്ബുകൾ, സയൻസ് അധ്യാപകർ. | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലഘുപരീക്ഷണങ്ങൾ ക്ലാസുകളിൽ നടത്തുന്നു. പരീക്ഷണകിറ്റുകൾ തയ്യാറാക്കുന്നു. പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺമുതൽ | സയൻസ് അധ്യാപകർ. സയൻസ്ക്ലബ് ഊർജ്ജക്ലബ് ഹരിതക്ലബ് | |

| | | | | |
|---|---|---|---|---|
| ശേഷി വർദ്ധിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | വിവിധ ശാസ്ത്രശാഖകളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി നിരീക്ഷിച്ച് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, വിവിധ ക്ലബുകൾ. | |
| | - സ്കൂൾതല ശാസ്ത്രോത്സവം നടത്തി കഴിവുകളെ തിരിച്ചറിയുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ. | സയൻസ് ക്ലബ് |
| | - ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്ര ദൃശ്യ ശ്രവ്യ ചാർട്ട് തയ്യാറാക്കി ക്ലാസിലേക്ക് നൽകുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | PTA, സയൻസ് ക്ലബ് |
| | - ശാസ്ത്ര മേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തുന്നു. ശാസ്ത്രശാഖകളുമായി ബന്ധപ്പെട്ട സെമിനാർ. | | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>ശാസ്ത്ര ലൈബ്രറി.<br>ശാസ്ത്ര മാസിക ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | | | |
| ഉ3) ശാസ്ത്ര ശാഖകളെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്താറ്? | നൂതന ശാസ്ത്ര സങ്കേതിക കണ്ടുപിടിത്തങ്ങൾ കുട്ടികളിൽ എത്തിക്കുക. ICT പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വീഡിയോ പ്രദർശനം.<br>ഇലക്ട്രോണിക്, റോബോട്ടിക് ഉപകരണ സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | നിരന്തര വിലയിരുത്തൽ. | സയൻസ് ഡയറി | |

മേഖല : അക്കാദമികം    ഉപമേഖല : ഹിന്ദി ഭാഷ യു.പി. തലം

| ക്രമ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5, 6,7 | ഹിന്ദി അധ്യാപിക | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN, slow Learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |
| | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാപോഷിണി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, slow Learners കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തു കൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | ജൂൺ രണ്ടാം വാരം | 5, 6,7 | ഹിന്ദി അധ്യാപിക, മറ്റ് ഭാഷാധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3 | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | പ്രതിദിനം | 5, 6,7 | ഹിന്ദി അധ്യാപിക | |
| | CWSN, Slow Learners കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5, 6,7 | ഹിന്ദി അധ്യാപിക | |
| | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5, 6,7 | ഹിന്ദി അധ്യാപിക | |
| | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട്. | 5, 6,7 | ഹിന്ദി അധ്യാപിക | |
